ശ്രീമതി എസ്. രാജമ്മ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി

97 (3728) ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പൊഴിയൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മണലിവിള വീട്ടിൽ എസ്. ആസ്റ്റിൻ ദേവരാജിന്റെ വിധവ എസ്. രാജമ്മ 5-9-2014-ൽ മുഖ്യമന്ത്രിക്ക് ഒരു പരാതി സമർപ്പിച്ചിരുന്നോ ;

(ബി) എങ്കിൽ ആ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ആസ്റ്റിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് CBI-ക്ക് കൈമാറുന്നതിനാവശ്യമായ വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ ; കേസ്സേഷണം CBI-ക്ക് കൈമാറുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) അതിനെ തുടർന്ന് എന്ത് നടപടി സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീമതി രാജമ്മ 5-9-2014-ൽ നൽകിയ പരാതി അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്.

(ബി) പരാതിയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പരാതി അന്വേഷണം നടത്തുന്നതിനായി ക്രൈംബ്രാഞ്ച് ഒ.സി.ഡബ്ല്യു-I പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുക്കുകയും അതുപ്രകാരം ഒ.സി.ഡബ്ല്യു-I ഡിവൈ.എസ്.പി. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ പരാതിക്ക് ആധാരമായ ആസ്റ്റിൻ ദേവരാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി&ഇ) ആസ്റ്റിൻ ദേവരാജിന്റെ മരണവുമായി ബന്ധപ്പെട്ട പൊഴിയൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 126/1990 നമ്പർ കേസ് സി.ബി.ഐ.-ക്ക് കൈമാറുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly